**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1979** **02-02-2024 - ൽ മറുപടിയ്ക്ക്**

**വിവിധ പദ്ധതികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2023-24 ലെ സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ; 2024 ജനുവരി 31 വരെയുള്ള വിനിയോഗ ശതമാനം എത്രയെന്ന് അറിയിക്കാമോ; | (എ) | **2023-24 ലെ സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച തുക മുഴുവൻ 2024 മാർച്ച് 31-നകം വിനിയോഗിക്കുവാൻ സാധിക്കുമോയെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (ബി) | വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതികൾ, നൈപുണ്യവികസന പദ്ധതികൾ, കരിയർഗൈഡൻസ് പ്രോഗ്രാമുകൾ, ഭവന പുനരുദ്ധാരണ പദ്ധതി, പ്രീമാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാമുകൾ എന്നീ പദ്ധതികൾ 2024 മാർച്ച് 31 നകം പൂർത്തീകരിച്ച് അനുവദിക്കപ്പെട്ട ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡയറക്ടറേറ്റ് മുഖേനയും, ജില്ലാ കളക്ടറേറ്റുകൾ മുഖേനയും പദ്ധതികൾ നടപ്പാക്കുന്നുണ്ട്. CA/CMA സ്കോളർഷിപ്പ്, സിവിൽ സർവ്വീസ് സ്കോളർഷിപ്പ്, C.Hമുഹമ്മദ്കോയ സ്കോളർഷിപ്പ് എന്നിവയ്ക്കാണ് ഇനിയും അപേക്ഷ ക്ഷണിക്കുവാനുള്ളത്. മറ്റെല്ലാ സ്കോളർഷിപ്പുകളും അപേക്ഷ ക്ഷണിക്കുകയും 4 സ്കോളർഷിപ്പുകൾ പൂർണ്ണമായി വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് മുഖേന വിതരണം ചെയ്യുന്ന എല്ലാ സ്കോളർഷിപ്പുകളും ഈ സാമ്പത്തിക വർഷം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീമാരിറ്റൽ, കരിയർ ഗൈഡൻസ് പദ്ധതികളിലെ ക്യാമ്പുകൾ എല്ലാം പൂർത്തീകരണ ഘട്ടത്തിലാണ്. ബില്ലുകളുടെ സെറ്റിൽമെന്റ് നടന്നു വരുന്നു. ജില്ലകളിലെ കളക്ടറേറ്റ് മുഖേന നടപ്പാക്കുന്ന ഭവന പുനരുദ്ധാരണ പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ പദ്ധതിയുടെ അർഹത മാനദണ്ഡമനുസരിച്ചിട്ടുള്ള ലിസ്റ്റ് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | താലൂക്ക്/വില്ലേജ്തല ഫീൽഡ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമലിസ്റ്റ് ഉൾപ്പെടെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഗഡു തുക വിതരണം നടത്തുന്നതിനുള്ള ഫണ്ട് ഇതിനകം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ബഡ്ജറ്റിൽ 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നടപ്പ് വർഷം ഇതുവരെ റിലീസ് ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | നിലവിൽ 4 സ്കോളർഷിപ്പുകൾക്ക് അപേക്ഷ സ്വീകരിക്കുകയും ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ത്രിവത്സര പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പിന് 1164 പേർക്കായി 69.93 ലക്ഷം രൂപയും, പാരാമെഡിക്കൽ ഡിപ്ലോമ, ജനറൽ നഴ്സിംഗ് ഡിപ്ലോമ പഠിക്കുന്ന 445 വിദ്യാർഥികൾക്കായി 66.75 ലക്ഷം രൂപയും, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് സ്കീമിൽ 4315 വിദ്യാർഥികൾക്കായി 4.72 കോടി രൂപയും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി, ഐ.ഐ.എം, ഐ.ഐ.എസ്.സി, ഐ.എം.എസ്.സി എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ 32 പേർക്കായി 16 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഐ.ടി.സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ്, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മറ്റ് സ്കോളർഷിപ്പുകളായ സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്, സിവിൽ സർവീസ്, സി.എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ഇക്കൊല്ലവും സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പ് മുഖേന നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ വളരെ ഫലപ്രദമായും സമയബന്ധിതമായും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുംവിധം അനുവദിക്കാൻ സാധിക്കുന്നുണ്ട്. എല്ലാ സ്കോളർഷിപ്പുകളുടെയും ഫണ്ട് 2024 മാർച്ച് 31 – ന് മുമ്പ് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2023-24 -ലെ സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും 2024 ജനവരി 31 വരെയുള്ള വിനിയോഗ ശതമാനവും ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ശീർഷകം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) (2023-24) | 2024 ജനുവരി 31 വരെയുള്ള വിനിയോഗം | വിനിയോഗ ശതമാനം |
|---|---|---|---|---|---|
| 1 | സി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ് | 2225-04-277-96 | 97 | 16 | 16.5 |
| 2 | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്/ സിവിൽ സർവ്വീസ് സ്കോളർഷിപ്പ്/ വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 2225-04-277-91 | 652 | 472 | 72.4 |
| 3 | മദർ തെരേസ സ്കോളർഷിപ്പ് | 2225-04-277-89 | 68 | 66.75 | 98.2 |
| 4 | എ.പി .ജെ.അബ്ദുൽകലാം സ്കോളർഷിപ്പ് | 2225-04-277-88 | 82 | 69.93 | 85.3 |
| 5 | കരിയർ ഗൈഡൻസ് പരിശീലന പരിപാടി | 2225-04-277-95 | 120 | 25 | 21 |
| 6 | ITC ഫീ റീഇംബേഴ്സ്മെന്റ് സ്കീം | 2225-04-277-94 | 482 | 0 | 0 |
| 7 | വിവാഹപൂർവ്വ കൗൺസിലിംഗ് | 2225-04-277-87 | 90 | 25 | 28 |
| 8 | ഇമ്പിച്ചി ബാവ ഭവന/ പുനരുദ്ധാരണ പദ്ധതി | 2225-04-283-99 | 500 | 145 | 29 |
| 9 | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ | 2225-04-102-93 | 100 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള വിതരണ പദ്ധതി | | | | |
| 10 | ആഫീസ് ആധുനികവത്ക്കരണം | 2225-04-001-98 | 100 | 0 | 0 |
| 11 | മൈനോറിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 4225-04-277-86 | 10 | 0 | 0 |
| **12** | ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ ഷെയർ ക്യാപിറ്റൽ | 4225-04-190-99 | 1300 | 260 | 20 |
| 13 | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) (60% CSS) | 4225-04-102-99-1 | 2400 | 0 | 0 |
| 14 | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) (40% State) | 4225-04-102-99-1 | 1600 | 0 | 0 |
| | **ആകെ** | | **7601** | **1079.68** | **14.2** |

**സെക്ഷൻ ഓഫീസർ**